**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 386** **28-06-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നടപ്പിലാക്കിയത് മൂലമുണ്ടായ വരുമാന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങൾ മൂലം സർക്കാരിന്റെ ധനസ്ഥിതിയിൽ ഉണ്ടായിട്ടുള്ള ആഘാതം വിശദമാക്കാമോ; | (എ) | പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണയവും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടർന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിരുന്നു.<br><br>ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിലുള്ള അനിശ്ചിതാവസ്ഥയും റവന്യൂ കമ്മി ഗ്രാന്റിൽ വന്നിട്ടുള്ള ഗണ്യമായ ഇടിവും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളുടെ വായ്പകൾ ചൂണ്ടിക്കാട്ടി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നാളിതുവരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതും സ്ഥിതി വഷളാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് സംഭവിക്കാൻ തുടങ്ങിയത് എന്നു മുതലാണ്; ഇതുമൂലം ഖജനാവിന് നഷ്ടമായ തുക വർഷം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5% ആയിരുന്നത് 15-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ആദ്യ വർഷം (2020-21) നികുതി വിഹിതം 1.943% ആയും, തുടർന്നുള്ള വർഷങ്ങളിൽ 1.925% ആയും കുറച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷന്റെ 2020-21 വർഷത്തിൽ സംസ്ഥാനത്തിനു ലഭിച്ച നികുതി വിഹിതം 11560.65 കോടി രൂപയാണ്. 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ആയിരുന്നുവെങ്കിൽ 14874.74 കോടി രൂപ ലഭിക്കുമായിരുന്നു. 15-ാം ധനകാര്യ കമ്മീഷന്റെ (2021- |

| | | | |
|---|---|---|---|
| | | | 22) വർഷത്തിൽ നികുതി വിഹിതം 1.925% പ്രകാരം 17820.09 കോടി രൂപ ലഭിച്ചിരുന്നു. 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ലഭിച്ചിരുന്നെങ്കിൽ, ആയത് 23142.97 കോടി രൂപ ലഭിക്കുമായിരുന്നു. മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിത ശതമാനത്തിലെ കുറവ് മൂലം 2020-21 -ൽ 3314.09 കോടി രൂപയുടെയും, 2021-22 -ൽ 5322.88 കോടി രൂപയുടെയും നഷ്ടം കേന്ദ്ര നികുതി വിഹിത ഇനത്തിൽ സംസ്ഥാനത്തിന് ഉണ്ടായിട്ടുണ്ട് എന്ന് അനുമാനിക്കാം. |
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം നികുതി വരുമാനത്തിൽ ഉണ്ടായ നഷ്ടം വർഷം തിരിച്ച് വ്യക്തമാക്കാമോ; | (സി) | ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ 2015-16 ലെ കളക്ഷന്റെ 14 % വാർഷിക വർദ്ധനവാണ് ലക്ഷ്യമിട്ടിരുന്നത്. 2017 – 2018 മുതൽ 2021 – 2022 കാലയളവിൽ ചരക്ക് സേവന നികുതിയുടെ ഭാഗമായി ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.<br><br>ജി. എസ്. ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി. എസ്. ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്. ജി. എസ്. ടി കളക്ഷനും, ഐ. ജി. എസ്. ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ. എൻ. ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുക നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്. ഇതിന്റെ കാലാവധി 30. 06. 2022 ന് അവസാനിക്കും. |
| (ഡി) | ജി.എസ്.ടി. നടപ്പിലാക്കിയത് മൂലമുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനുള്ള കാലാവധി എന്നുവരെയാണ്;<br>സംസ്ഥാനത്തിനുണ്ടായ നികുതി നഷ്ടം ഇക്കാലയളവിൽ ലഭിച്ച നഷ്ടപരിഹാരം മൂലം നികത്താൻ കഴിഞ്ഞിട്ടുണ്ടോ;<br>വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | ജി.എസ്.ടി നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലാവധി 30. 06. 2022 ന് അവസാനിക്കും.<br><br>ഉണ്ട്, ജി.എസ്.ടി. നടപ്പാക്കിയതുമുതൽ നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച ജിഎസ്.ടി. നഷ്ടപരിഹാര തുകയുടെ<br><br>വിവരം ചുവടെ ചേർക്കുന്നു.<br><br>അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. |
| (ഇ) | ജി.എസ്.ടി.യുടെ നഷ്ടപരിഹാരം പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ നഷ്ടപരിഹാര പദ്ധതിയുടെ കാലാവധി നീട്ടുന്നതിന് സംസ്ഥാനങ്ങൾ നടത്തിയ ഇടപെടലുകൾ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം കേരളം ഉൾപ്പടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി.കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2021 സെപ്റ്റംബറിൽ നടന്ന നാല്പത്തിയഞ്ചാമതു ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ഇത് സംബന്ധിച്ച അജണ്ട വിഷയം ഉൾപ്പെടുത്തിയിരുന്നു. കോവിഡ് പ്രതിസന്ധി മൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം പ്രസ്തുത മീറ്റിങ്ങിൽ കേരളം ഉൾപ്പെടയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി.കൗൺസിലിനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ സ്വീകരിച്ചതായി കാണപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ

| Year | Protected Revenue (Cr.) (2015-16 -ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ) | Total Revenue (Cr.) (SGST/IGST Settlement/ VAT) | Ad-hoc Settlement (Cr.) | Compensation Receivable (Cr.) | Compensation received |
|---|---|---|---|---|---|
| 2017-18 | 16398 | 13502.68 | 736 | 2159.32 | 2102.00 |
| 2018-19 | 24924 | 18631.85 | 2734.36 | 3557.79 | 3532.00 |
| 2019-20 | 28416 | 19622.88 | 693.52 | 8099.60 | 8111.00 |
| 2020-21 | 32400 | 17962.40 | 1596.11 | 12841.49 | 12828.96 |
| 2021-22 | 36936 | 22427.82 | 1657.79 | 12850.39 | 12850.39 |

| Year | Compensation Receivable (Cr.) | Compensation received | Balance |
|---|---|---|---|
| 2017–18 | 2159.32 | 2102.00 | 57.32 |
| 2018–19 | 3557.79 | 3532.00 | 25.79 |
| 2019–20 | 8099.60 | 8111.00 | –11.40 |
| 2020–21 | 112841.49 | 12828.96 | 12.53 |
| 2021–22 | 12850.39 | 12850.39 | 0.00 |